സീക്രറ്റ് സെക്ഷൻ.

* 534. [27] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സെക്രട്ടറിയേറ്റിലും ജില്ലാതലസ്ഥാനങ്ങളിലും ഓരോ സീക്രറ്റ സെക്ഷൻ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) മറ്റു സെക്ഷനുകളിലുള്ള വർക്കേളിൽ കൂടുതൽ ജോലി ഈ സെക്ഷനിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കുണ്ടോ;

(സി) സെക്രട്ടറിയേറ്റിൽ പ്രവർത്തിക്കുന്നവർക്ക് വല്ല പ്രത്യേക അലവൻസും നൽകുന്നുണ്ടോ ;

(ഡി) ജില്ലാതലസ്ഥാനത്തുള്ള സീക്രറ്റ സെക്ഷനിൽ പ്രവർത്തിക്കുന്നവർക്കും ഈ പ്രത്യേക അലവൻസ് കൊടുക്കുന്നുണ്ടോ ;

(ഈ) ഇല്ലെങ്കിൽ നൽകുവാൻ മയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) സീക്രറ്റ് സെക്ഷനിൽ പ്രവർത്തിയെടുക്കുന്നവർക്ക് മറ്റുള്ള വരെ അപേക്ഷിച്ച് ജോലിക്കൂടുതലുണ്ടാകണമെന്നില്ല. ജോലിയുടെ കൂടുതൽ കുറവ് ഓരോ സെക്ഷനിലും വ്യത്യസ്ഥമായിരിക്കും.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഈ) ഇക്കാര്യം ഗവണ്മെൻറ പരിഗണിക്കുന്നതാണ്.

ലേലംചെയ്ത ഷാപ്പുകൾ.

* 535. [34] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1963-64 വർഷത്തിൽ എക്സൈസ് വകുപ്പിനു ഷാപ്പുകൾ ലേലം ചെയ്തതിൽ നിന്നും എത്ര തുക ലഭിക്കുകയുണ്ടായി ;

(ബി) പ്രസ്തുത ലേലങ്ങളിൽ ക്രമക്കേട് കാണിച്ചുവെന്നുള്ളതിനെ മുൻനിറുത്തി, എത്ര പരാതികൾ ഗവണ്മെൻറിനു ലഭിക്കുകയുണ്ടായി ;

(സി) ലേലങ്ങൾ നിയമാനുസരണവും, കൃത്യമായും നടത്തുന്നതിനു വേണ്ട കർശന നിർദ്ദേശങ്ങൾ ഗവണ്മെൻറ് റവന്യൂ ബോർഡിനു നൽകുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 1963–64 സാമ്പത്തികവർഷത്തേക്കുള്ള ഷാപ്പുകൾ ലേലംചെയ്തതിൽ ലേലസംഖ്യയായി മൊത്തം 2,94,18,150 രൂപ ലഭിക്കുകയുണ്ടായി.

(ബി) ഒരു ലേലത്തിൽ ഒന്നും, രണ്ടും തവണ വിളിക്കാതെ മുന്തിയ വിളിച്ച ലേലം സ്ഥിരപ്പെടുത്തിയെന്ന അടിസ്ഥാനരഹിതമായ ഒരു പരാതി പണമുണ്ടായിരുന്നു.

(സി) ലേലം നിയമാനുസരണവും കൃത്യമായുമാണ് നടത്തിവരുന്നത്. അതുകൊണ്ട് കൂടുതൽ നിർദ്ദേശങ്ങൾ റവന്യൂബോർഡിനു ഇക്കാര്യത്തിൽ കൊടുക്കേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly